# സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
# എക്സിക്യൂട്ടീവ് ഡയറക്ടറുടെ നടപടിക്രമം

**(ഹാജർ:– എസ്. ഹരികിഷോർ ഐഎഎസ്)**

വിഷയം: കുടുംബശ്രീ – എൻയുഎൽഎം – ലിങ്കേജ് വായ്പ – 3% അധിക പലിശ സബ്സിഡി – അയൽക്കൂട്ടങ്ങൾക്ക് തുക അനുവദിച്ചു ഉത്തരവാകുന്നത്– സംബന്ധിച്ച്.

പരാമർശം: 1. പദ്ധതി മാർഗ്ഗരേഖ ഉപഘടകം 4.12.4 & 4.12.5

2.15/05/2018-ലെ കൽപ്പറ്റ നഗരസഭാ സെക്രട്ടറിയുടെ NIL നമ്പർ കത്ത്

## ***NULM010-ഉത്തരവ് നമ്പർ 6394/F/2015/KSHO(1) തീയതി 08..06..2018***

എൻയുഎൽഎം പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിലേയ്ക്കായി നഗരങ്ങളിലെ പാവപ്പെട്ടവർക്ക് താങ്ങാവുന്ന നിരക്കിൽ വായ്പകൾ ലഭ്യമാക്കുന്നതിലേയ്ക്കായി സ്വയം സഹായങ്ങൾ സംഘങ്ങൾ/അയൽക്കൂട്ടങ്ങൾ സ്വീകരിക്കുന്ന എല്ലാ ബാങ്ക് വായ്പകൾക്കും പലിശ സബ്സിഡിയായി നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. ബാങ്കുകളിൽ അതാത് കാലത്ത് നിലവിലുള്ള വാർഷിക പലിശ നിരക്കും 7% വാർഷിക നിരക്കും തമ്മിലുള്ള വ്യത്യാസമാണ് സബ്സിഡിയായി അനുവദിക്കുന്നത്. കൂടാതെ വായ്പ കൃത്യസമയത്ത് തിരിച്ചടയ്ക്കുന്ന എല്ലാ അയൽക്കൂട്ടങ്ങൾക്കും/വനിതാ സ്വയംസഹായ സംഘങ്ങൾക്കും 3% അധിക പലിശ കിഴിവും പദ്ധതി പ്രകാരം അനുവദിക്കുന്നതാണ്.

ഇപ്രകാരം കൽപ്പറ്റ നഗരസഭയിൽ കൃത്യമായി വായ്പ തിരിച്ചടവ് നടത്തിയ അയൽക്കൂട്ടങ്ങൾക്ക് 3% അധിക പലിശ ഇളവ് അനുവദിച്ചു കിട്ടുന്നതിലേയ്ക്കായി പരാമർശം (2) പ്രകാരം നഗരസഭ സെക്രട്ടറി 50 അയൽക്കൂട്ടങ്ങൾക്ക് അധിക പലിശ സബ്സിഡി തുകയായി 562349/- രൂപ അനുവദിക്കണമെന്ന് അപേക്ഷിച്ചിട്ടുണ്ട്. കൽപ്പറ്റ നഗരസഭ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ 38 അയൽക്കൂട്ടങ്ങൾക്ക് അധിക പലിശ സബ്സിഡി തുകയായി 411566/- രൂപ അനുവദിക്കാമെന്ന് കാണുന്നു.

ഈ സാഹചര്യത്തിൽ കൽപ്പറ്റ നഗരസഭയിലെ ലിങ്കേജ് വായ്പ തിരിച്ചടവ് കൃത്യമായി പൂർത്തിയാക്കിയ 38 അയൽക്കൂട്ടങ്ങൾക്ക് 3% അധിക പലിശ സബ്സിഡിയായി 4,11,566/- രൂപ (നാല് ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂററി അറുപത്തിആറ് രൂപ മാത്രം) സംസ്ഥാന മിഷനിൽ നിന്ന് അനുവദിച്ചു ഉത്തരവാകുന്നു.

ടി തുക Self Employment Programme എന്ന ശീർഷകത്തിലെ Inter-Subsidy for SHG-Bank Linkage Loan (3.3) എന്ന ഉപശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നം. | നഗരസഭ | തുക അനുവദിക്കുന്ന അയൽക്കൂട്ടങ്ങളുടെ എണ്ണം | അനുവദിക്കുന്ന തുക (രൂപ) | അക്കൗണ്ട് നമ്പർ & ബാങ്ക് വിവരം |
|---|---|---|---|---|
| 1 | കൽപ്പറ്റ | 38 | 411566 (നാല് ലക്ഷത്തി പതിനൊന്നായിരത്തി അഞ്ഞൂറ്റി അറുപത്തിയാറ് രൂപ മാത്രം) | 40205101018653<br>Kerala Gramin Bank<br>KGB Kalpetta<br>KLGB0040205 |

(ഒപ്പ്)
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. സെക്രട്ടറി, കൽപ്പറ്റ നഗരസഭ
3. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, വയനാട്

പകർപ്പ്

1. സിറ്റി പ്രോജക്ട് ഓഫീസർ, കൽപ്പറ്റ
2. സിറ്റി മിഷൻ മാനേജർമാർ, കൽപ്പറ്റ
3. സിഡിഎസ് ചെയർപേഴ്സൺ, കൽപ്പറ്റ (സി.എം.എം മുഖേന)
4. കരുതൽ / അധികം

**ഉത്തരവിൻപ്രകാരം,**

**അക്കൗണ്ട്സ് ഓഫീസർ**

**Passed for payment Rs......................./-(Rupees)**

..........................................................................

only vide Cheque ...................dt.....................

Acct / ... / Dir / ... Director